"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

റവന്യൂ വകുപ്പ് - കോഴിക്കോട് ജില്ല - 30.07.2024-ൽ വിലങ്ങാട് ഉണ്ടായ ഉരുൾപൊട്ടലിൽ നാശനഷ്ടം സംഭവിച്ച ദുരിതബാധിതർക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും വാടകയിനത്തിൽ ധനസഹായം അനുവദിച്ചു കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

റവന്യൂ (ഡി.ആർ.എഫ്.-എ) വകുപ്പ്

സ.ഉ.(സാധാ) നം.1399/2026/RD തീയതി,തിരുവനന്തപുരം, 22-07-2026

---

പരാമർശം:-

1. സ.ഉ.(സാധാ) നം.2468/2024/റവ തീയതി 14.10.2024.
2. സ.ഉ.(സാധാ) നം.2896/2024/റവ തീയതി 04.12.2024.
3. സ.ഉ.(സാധാ) നം.189/2025/റവ തീയതി 22.01.2025.
4. സ.ഉ.(സാധാ) നം.480/2025/റവ തീയതി 23.02.2025.
5. സ.ഉ.(സാധാ) നം.809/2025/റവ തീയതി 2.04.2025.
6. സ.ഉ.(സാധാ) നം.1163/2025/റവ തീയതി 14.05.2025.
7. സ.ഉ.(സാധാ) നം.1593/2025/റവ തീയതി 2.07.2025.
8. കോഴിക്കോട് ജില്ലാ കളക്ടറുടെ 2.12.2025 & 1.07.2026-ലെ DCKKD/10624/2024-D1 നമ്പർ കത്തുകൾ.

**ഉത്തരവ്**

വിലങ്ങാട് ഉരുൾപൊട്ടലിൽ നാശനഷ്ടം സംഭവിച്ച കുടുംബങ്ങൾക്ക്, വാടകയിനത്തിൽ അനുവദിക്കേണ്ടതായ തുക, പ്രതിമാസം 6000/- രൂപ നിരക്കിൽ, 2025 മെയ് മാസം വരെയുള്ളത് കാലാകാലങ്ങളിലുള്ള ജില്ലാ കളക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ, മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിച്ചുകൊണ്ട് ഉത്തരവാകുകയുണ്ടായി.

2) 2025 ജൂൺ മുതൽ ഒക്ടോബർ വരെയുള്ള മാസങ്ങളിൽ വാടകയിനത്തിൽ തുക അനുവദിക്കേണ്ടവരുടെ വിശദാംശങ്ങൾ പരാമർശം (8) പ്രകാരം ലഭ്യമാക്കിക്കൊണ്ട് ടി ഇനത്തിൽ വിതരണത്തിനാവശ്യമായ ₹6,90,000/- (ആറ് ലക്ഷത്തി തൊണ്ണൂറായിരം രൂപ മാത്രം) ചുവടെ ചേർക്കും പ്രകാരം അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് ജില്ലാ കളക്ടർ ആവശ്യപ്പെട്ടിട്ടുണ്ട്.

| ക്രമ നം. | മാസം | വാടക അനുവദിക്കേണ്ട കുടുംബങ്ങളുടെ എണ്ണം | ആവശ്യമായ തുക(₹) |
|---|---|---|---|
| 1 | ജൂൺ,2025 | 24 (ശ്രീ. ശ്രീധരൻ എന്ന വ്യക്തിയ്ക്ക് 2024 സെപ്റ്റംബർ മുതൽ 2025 ജൂൺ വരെയുള്ള ആകെ 10 മാസത്തെ വാടക., ശ്രീ. സാബു എന്നയാൾക്ക് 2025 ഏപ്രിൽ മുതൽ ജൂൺ വരെയുള്ള വാടക ഉൾപ്പടെ) | 2,10,000 |
| 2 | ജൂലൈ,2025 | 21 | 1,26,000 |
| 3 | ഓഗസ്റ്റ്, 2025 | 21 | 1,26,000 |
| 4 | സെപ്റ്റംബർ, 2025 | 21 | 1,26,000 |
| 5 | ഒക്ടോബർ, 2025 | 17 | 1,02,000 |
| | | **ആകെ** | **6,90,000** |

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ വിലങ്ങാട് ഉണ്ടായ ഉരുൾപൊട്ടലിൽ നാശനഷ്ടം സംഭവിച്ച കുടുംബങ്ങൾക്ക് 2025 ജൂൺ മുതൽ ഒക്ടോബർ വരെയുള്ള മാസങ്ങളിൽ വാടകയിനത്തിൽ വിതരണം ചെയ്യുന്നതിനാവശ്യമായ ₹6,90,000/-(ആറ് ലക്ഷത്തി തൊണ്ണൂറായിരം രൂപ മാത്രം) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിച്ച് ഉത്തരവാകുന്നു.

4) മേൽ പരാമർശ ഇനത്തിൽ വിതരണം ചെയ്യുന്നതിനാവശ്യമായ 6,90,000/- രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി ഖജാൻജിയായ ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേരിലുള്ള T.P 80-ാം നമ്പർ അക്കൗണ്ടിൽ നിന്നും കോഴിക്കോട് ജില്ലാ കളക്ടർക്ക് അനുവദിക്കേണ്ടതാണ്. കോഴിക്കോട് ജില്ലാ കളക്ടർ തുടർനടപടികൾ സ്വീകരിച്ച് താമസംവിനാ സർക്കാരിൽ റിപ്പോർട്ട് ചെയ്യേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

JAYASHREE T K

**സ്പെഷ്യൽ സെക്രട്ടറി**

ലാൻഡ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം.
ജില്ലാ കളക്ടർ, കോഴിക്കോട്.
ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി (മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി ഖജാൻജി).
ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.
ബഹു. റവന്യൂ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.
റവന്യൂ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ(ഐ.എ.എസ്.) സി.എ.-യ്ക്ക്.
റവന്യൂ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ സി.എ.-യ്ക്ക്.
ധനകാര്യ (ഫണ്ട്സ്) വകുപ്പ്.
ദുരന്തനിവാരണ (എ) വകുപ്പ്.
ഡി.ആർ.ഫ്. (ബി/സി) വകുപ്പുകൾക്ക്.
വിവര പൊതുജന (വെബ് & ന്യൂ മീഡിയ) വകുപ്പ്.
കരുതൽ ഫയൽ / ഓഫീസ് പകർപ്പ്.(REV-DRF-A2/78/2024-REV).

ഉത്തരവിൻ പ്രകാരം

Digitally signed by
Maheswari A
Date: 23-07-2026
09:42:44

സെക്ഷൻ ഓഫീസർ